പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 153 01-12-14 – ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് മൊറോട്ടോറിയം**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| | മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് മൊറോട്ടോറിയം പ്രഖ്യാപിച്ചിട്ടും ഇവർക്കെതിരെ ബാങ്കുകൾ ജപ്തി നടപടി സ്വീകരിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടാശ്വാസത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മൊറട്ടോറിയം നിലനിൽക്കെ ജപ്തി നോട്ടീസ് അയയ്ക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടാലുടൻ ബന്ധപ്പെട്ട ബാങ്കുകൾക്ക് കടാശ്വാസ കമ്മീഷൻ ഓഫീസിൽ നിന്നും ജപ്തി നടപടികളിൽ നിന്നും പിൻവാങ്ങുന്നതിന് നിർദ്ദേശം നൽകി വരുന്നുണ്ട്.<br>സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും 31.12.2007 വരെ, മത്സ്യ ബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യതൊഴിലാളികൾ നേടിയിട്ടുള്ള വായ്പകളിൻമേൽ തുടങ്ങി വച്ചതോ തുടർന്നു വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾക്ക് 31.12.2014 വരെ മൊറട്ടോറിയം അനുവദിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ 16.01.14 ലെ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ